(സി)

(1) നബാർഡ് സഹായത്തോടെയുള്ള മണ്ണ്-ജലസംരക്ഷണ പദ്ധതി

അടങ്കൽ തുക—112.94 കോടി രൂപ (പൂർത്തിയാക്കിയ പദ്ധതികൾ ഉൾപ്പെടെ) ഇതിൽ 10 ശതമാനം സംസ്ഥാന വിഹിതമാണ്.

(2) ജലവിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശവുമായി ബന്ധപ്പെട്ട മണ്ണ് സംരക്ഷണ പദ്ധതി

അടങ്കൽ തുക—16.04 കോടി രൂപ

സ്രോതസ്സ്—സംസ്ഥാന ബഡ്ജറ്റ്

(3) കബനി നദിതട മണ്ണ് സംരക്ഷണ പദ്ധതി

അടങ്കൽ തുക—105 കോടി രൂപ

സ്രോതസ്സ്—90 ശതമാനം കേന്ദ്രസർക്കാർ വിഹിതം, 10 ശതമാനം സംസ്ഥാന സർക്കാർ വിഹിതം

(4) ദേശീയ നീർമറി പദ്ധതി

അടങ്കൽ തുക—145.47 കോടി രൂപ (പൂർത്തിയാക്കിയ പദ്ധതികൾ ഉൾപ്പെടെ)

സ്രോതസ്സ്—90 ശതമാനം കേന്ദ്രസർക്കാർ വിഹിതം, 10 ശതമാനം സംസ്ഥാന സർക്കാർ വിഹിതം

കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ

114 [1198] ശ്രീ. സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി:

" തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യാവശിഷ്ടങ്ങളും മാംസാവശിഷ്ടങ്ങളും ചേർത്ത് ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ സംസ്ഥാനത്ത് വിൽക്കപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ മുൻകരുതൽ നടപടികൾ സ്വീകരിച്ച് ഫുട്ട് ആന്റ് മൗത്ത് രോഗം തടയണമെന്ന മുന്നറിയിപ്പ് ഐക്യരാഷ്ട്ര സംഘടനയുടെ എഫ്.എ.ഒ. യിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) കാലിത്തീറ്റ ഉൽപ്പാദന വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കുളമ്പ് രോഗത്തിനല്ല. ഭ്രാന്തിപ്പശു രോഗവുമായി ബന്ധപ്പെട്ടാണ് ലഭിച്ചിട്ടുള്ളത്.

(ബി) വിപണനിയിൽ ഗുണമേൻമയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ അധീനതയിലുള്ള കേരള ഫീഡ്സ് ലിമിറ്റഡിന്റേയും മിൽമയുടെ കാലിത്തീറ്റ ഫാക്ടറിയുടേയും പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരള ഫീഡ്സ് ബി.ഐ.എസ്. മാനദണ്ഡമനുസരിച്ചാണ് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നത്. കൂടാതെ ഐ.എസ്.ഐ. സർട്ടിഫിക്കറ്റും ഐ.എസ്.ഒ. 9001-2002 സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. എന്നാൽ കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മൃഗസംരക്ഷണവകുപ്പിന് നിലവിൽ അധികാരമില്ല.

കയറുൽപ്പാദനത്തിനാവശ്യമായ തൊണ്ടിന്റെ ലഭ്യത

115 [1202] ശ്രീ. സി. മോയിൻകുട്ടി :

„ കളത്തിൽ അബ്ദുള്ള:

„ ചെർക്കളം അബ്ദുള്ള:

„ ഇസ്ഹാക്ക് കുരിക്കൾ:

„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നാളികേരത്തിന്റെ ഉൽപ്പാദനം കുറയുന്നതുമൂലം കയറുൽപ്പാദനത്തിന് ആവശ്യമായ തൊണ്ടിന്റെ ലഭ്യത കുറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

നാളികേരോൽപ്പാദനത്തിൽ വന്ന കുറവ് ഉൾപ്പെടെയുള്ള പല കാരണങ്ങളാൽ മൊത്തം നാളികേര ഉൽപ്പാദനത്തിന്റെ ഏതാണ്ട് 35 ശതമാനം മാത്രമേ ഇപ്പോൾ ചകിരി ഉൽപ്പാദനത്തിനായി ഉപയോഗിക്കപ്പെടുന്നുള്ളു.

റബ്ബർ മേഖലയിലെ ഗവേഷണം

116 [1205] ശ്രീ. കെ. സുധാകരൻ:

„ കെ. ബാബു:

„ ജോർജ് ജെ. മാത്യു:

„ കെ. സി. ജോസഫ്:

ശ്രീമതി. രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly